# പൂമ്പ
# വാടി

1

ാരദാ ബുക്ക്ഡിപ്പോ തോന്നയ്ക്ക

Digitized By Kerala Sahitya Akademi

# പുഷ്പവാടി

എൻ. കുമാരൻ ആശാൻ

പകപ്പവകാശം

ശാരദാ ബുക്ക ഡിപ്പോ

തോന്നയ്ക്കൽ

വില ണ. 8.

Digitized By Kerala Sahitya Akademi

14-ാം പതിപ്പ് കോപ്പി 2000

1956

അച്ചടി

സഹോദരൻ പ്രസ്സ്,

എറണാകുളം

ഉടമസ്ഥരുടെ മുദ്ര ഇല്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

# മുഖവുര

എന്റെ കൃതിശകലങ്ങളിൽ ചിലതിനെ തിരഞ്ഞെടുത്തു "പുഷ്പവാടി" എന്ന പേരിൽ ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിച്ചിട്ട് ഇപ്പോൾ ഒരു വ്യാഴവട്ടത്തിനുമേലാകും. ഏതാണ്ട് പത്തുകൊല്ലം മുമ്പ് "വീണപൂവ്" എന്ന ഖണ്ഡകൃതി പ്രത്യേക പുസ്തകമായി പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിന്റെ പുറംകടലാസ്സിൽ ഒരു പരസ്യംവഴിയായി ആ സംഗതി പ്രതിജ്ഞാപിച്ചിരുന്നതായും ഓർക്കുന്നു. അന്നുമുതൽ രേഖാമൂലമായും മുഖദാവിലും 'പുഷ്പവാടി' ആവശ്യപ്പെട്ടുകൊണ്ട് എന്നെയും എന്റെ പുസ്തകവ്യാപാരികളേയും പല സുഹൃത്തുക്കളും ബുദ്ധിമുട്ടിച്ചുവന്നു എന്നുള്ള വസ്തുതയും വിസ്മരിക്കാവുന്നതല്ല. ഈ കാരണങ്ങളാൽ ഇത്ര താമസിച്ചു പുറപ്പെടുന്നതാണെങ്കിലും ഈ പുസ്തകത്തിനു മററപ്രകാരമുള്ള ഔചിത്യത്തെപ്പററി അത്രയൊന്നും ചിന്തിക്കാതെതന്നെ "പുഷ്പവാടി" എന്നു നാമകരണംചെയ്യാൻ ഇടയായിട്ടുള്ളതാണ്. പഴയ പ്രതിജ്ഞയേയും സുഹൃത്തുക്കളുടെ പ്രതീക്ഷയേയും നിറവേററാൻ ഇതു് ഏതെങ്കിലും പ്രകാരത്തിൽ പര്യാപ്തമാകുമെങ്കിൽ ഭാഗ്യമായി.

സർവ്വജനീനമായ ചില ചെറുകൃതികൾ മാത്രമാണ് ഇതിൽ തിരഞ്ഞെടുത്തുചേർത്തിട്ടുള്ളതു് അതിൽ ആദ്യമാദ്യം കാണുന്നവ പ്രായേണ ബാഹ്യപ്രകൃതിയ

Digitized By Kerala Sahitya Akademi

ലുള്ള ഏതാനും മനോഹരവസ്തുക്കളേയും സരസസന്ദർഭങ്ങളേയും ഒടുവിലുള്ളവ ഈശ്വരഭക്തി മുതലായ ചില ഉൽകൃഷ്ട മനോഭാവങ്ങളേയും പരാമർശിച്ച് എഴുതിയിട്ടുള്ളതാകുന്നു ആദ്യഭാഗം അധികം ബാലന്മാരുടെ അഭിരുചിയെ ലാക്കാക്കിയും ഒടുവിലത്തെ ഭാഗം പ്രായമായവർക്കുകൂടി രസിക്കത്തക്കവണ്ണവും ഉള്ള ഉദാഹരണങ്ങളുമാണ്. ഓരോ കൃതിയുടേയും അടിയിൽ അതെഴുതിയ കാലത്തേയോ സന്ദർഭത്തേയോ സൂചിപ്പിക്കുന്ന കുറിപ്പുകളും കൊടുത്തിട്ടുണ്ട്.

ഇതിനെ പിന്തുടൎന്നു മററു പ്രമേയങ്ങളിലുള്ള ചില ലഘുകൃതികളും അനുരൂപമായ നാമത്തിൽ പുസ്തകരൂപേണ താമസിയാതെ പുറപ്പെടുന്നതാകുന്നു. ഈ പ്രസിദ്ധീകരണത്തിൽ പ്രൂഫ് പരിശോധിച്ചും മററും ശ്രീമാന്മാർ കെ അയ്യപ്പൻ ബി ഏ, കെ. സദാശിവൻ ബി. ഏ. ഈ ഭാഷാപ്രണയികൾ ചെയ്തുതന്നിട്ടുള്ള സഹായത്തെ ഞാൻ സസ്നേഹം സ്മരിക്കുന്നു.

തിരുവനന്തപുരം.
17-4-1922.

ഗ്രന്ഥകർത്താ.

Digitized By Kerala Sahitya Akademi

# പുഷ്പവാടി

## പ്രഭാത പ്രാർത്ഥന

സകലാശ്രയമായി രാത്രിയും
പകലും നിന്നെരിയും പ്രദീപമേ,
ജഗദീശ, ജയിക്ക! ശാശ്വതം
നിഗമം തേടിന നിൻപദാംബുജം.

അരുണോദയമായി, പൂക്കൾപോൽ
വിരിയുന്നു കരങ്ങളാൽക്കരം വിഭോ,
തിരിയെത്തെളിയുന്നു ഹന്ത! നീ
തിര നീക്കുന്നൊരു ലോകരംഗവും.

ഒരു ഭീതിയെഴാതെ കാത്തു, ദു–
ഷ്കരസാംസാരികപോതയാത്രയിൽ
കരകാട്ടുക നിന്നു നീ കൃപാ
കര,—ഞാൻ ദിക്കറിയാത്ത നാവികൻ.

---

'മിതവാദി'പത്രാധിപർ സി. കൃഷ്ണപിള്ള ബി. ഏ. ബി. എൽ. അവർകളുടെ ആവശ്യപ്രകാരം എഴുതിയത്. (1088 മേടം)

Digitized By Kerala Sahitya Akademi

ഗ്ഗുണമെന്നിയൊരാൾക്കുമെന്നിൽ നി–
ന്നണയായ്വാൻ തരമാകണം വിഭോ,
അണുജീവിയിലും സഹോദര–
പ്രണയം ത്വൽകൃപയാലെ തോന്നണം.

ഉളവാകണമാത്മതുഷ്ടിയീ–
യെളിയോനിങ്ങനെ പോകണം ദിനം,
ഇളകാതെയുമിന്ദ്രിയാർത്തിയാൽ
കളിയായും കളവോതിടാതെയും.

അഖിലോപരിയെന്റെ ബുദ്ധിയിൽ
സുഖദുഃഖങ്ങളിൽ മാററമെന്നിയേ
ജഗദീശ, തെളിഞ്ഞുനില്ക്കണം
നിഗമംതേടിന നിൻപദാംബുജം.

Digitized By Kerala Sahitya Akademi

# കുട്ടിയും തള്ളയും

(താരാട്ടു മട്ട്)

ഈവല്ലിയിൽനിന്നു ചെമ്മേ—പൂക്കൾ
പോവുന്നിതാ പറന്നമ്മേ!

തെറ്റി! നിനക്കുണ്ണി ചൊല്ലാം—നൽപൂ-
മ്പാറ്റകളല്ലേയിതെല്ലാം.

മേൽക്കുമേലിങ്ങിവ പൊങ്ങി—വിണ്ണിൽ
നോക്കമ്മേ, യെന്തൊരു ഭംഗി!

അയ്യോ! പോയ്ക്കൂടികളിപ്പാൻ—അമ്മേ!
വയ്യേയെനിക്കു പറപ്പാൻ!

ആകാത്തതിങ്ങനെ എണ്ണി—ച്ചുമ്മാ
മാഴ്കൊല്ലായെന്നോമലുണ്ണീ!

പിച്ചനടന്നു കളിപ്പൂ—നീയി-
പ്പിച്ചകമുണ്ടോ നടപ്പൂ?

അമ്മട്ടിലായതെന്തെന്നാൽ? ഞാനൊ-
രുമ്മതരാമമ്മ ചൊന്നാൽ.

നാമിങ്ങറിയുവതല്പം—എല്ലാ-
മോമനേ, ദൈവസങ്കല്പം.

---

'മഹിളാരത്നം' മാസികയ്ക്കുവേണ്ടി എഴുതിയതു്. (2-11-15)

Digitized By Kerala Sahitya Akademi

# പരുക്കേററ കുട്ടി

(സുരപുരിയോ എന്ന മട്ട്)

അരികത്തമ്പോടു വരുന്നുണ്ടമ്മ ഞാൻ
കരയായ്കോമനേ, കരളംവാടി

പുരികവും ചുണ്ടും ചുളിച്ചു നീ വിങ്ങി-
ക്കരയായ്കോമനേ, വരുന്നു ഞാൻ.

പനിനീർച്ചാമ്പകച്ചെറുമുള്ളേററു നിൻ
കുരുന്നു കൈവിരൽ മുറിഞ്ഞിതേ!

തനിയേ തൈമാവിൽ കയറിവീണോമൽ
ചെറുകാൽ മുട്ടുകൾ ചതഞ്ഞിതേ!

മറിച്ചിട്ടീപ്പടം മുകളിൽ നിന്നയ്യോ
മുറിച്ചിതേ പൊന്നിൻ നെറുകയും,

മുറിയിൽ കട്ടിന്മേൽ കയറിച്ചാഞ്ചാടി-
ത്തറയിൽ വീണിപ്പൂങ്കവിളും നീ.

---

പഴയ നോട്ടുബുക്കിൽനിന്നു്. 95 തുലാത്തിലെ 'പ്രതിഭ'
ിൽ പ്രസിദ്ധപ്പെടുത്തിയതു്.

Digitized By Kerala Sahitya Akademi

കരുതേണ്ട, തല്പമിതിനായ് ഞാനെന്നു,
കരയേണ്ട, നോവുമകന്നുപോം

അറിയാപ്പൈതൽ നീ കളിയാടിയേററ
മുറിവു ഭൂഷണം നിനക്കുണ്ണി!

ഉരച്ചീവണ്ണമക്ഷതമോരോന്നുമേ
തിരിച്ചു ചുംബിച്ചാളുടനമ്മ,

സ്ഫുരിച്ച പുഷ്പത്തെയളിപോലെ, കട്ടി
ചിരിച്ചാൻ കാർനീങ്ങും ശശിപോലെ.

Digitized By Kerala Sahitya Akademi

# കൊച്ചുകിളി

ചൊല്ലുകെന്തു ചെറുപക്ഷി നീ കളി-
ച്ചുല്ലസിപ്പതിതുപോലെയെപ്പൊഴും
അല്ലൽ നീയറികയില്ലയോ? നിന-
ക്കില്ലയോ പറകെഴുത്തുപള്ളിയും?

കൊച്ചുശാഖകളിലാഞ്ഞിരിപ്പതും
പിച്ചിയന്നപടി പാടിടുന്നതും
ഇച്ഛപോലുയരെ നീ പറപ്പതും
മെച്ചമിന്നിവയെനിക്കു കൂടുമോ?

കാലയത്തിയയി, കാററിലാടു മൂ-
ഞ്ഞാലിൽ മേവി രസമേലുമെത്ര ഞാൻ!
നീലവിൺവഴി പറന്നെഴും സുഖം
ലോലമെയ്യിതിൽ നിനക്കൊതുങ്ങുമോ?

ചിത്രമിങ്ങു,പുഴ കന്നിവററ തെ-
ല്ലത്തലെന്നി കിളി, നീ കടപ്പതും
എത്തി വന്മരതലമേലുമാനതൻ-
മസ്തകത്തിലുമിരുന്നിടുന്നതും.

---

‘പദ്യപാഠാവലി’യിൽ ചേർക്കാൻ എഴുതിയതു്. (1(—4—10)

Digitized By Kerala Sahitya Akademi

ചേണിയന്ന ചിറകാർന്നൊരോമന–
പ്രാണി, നിൻതടവകന്ന ലീലകൾ
കാണുകിൽ കൊതിവരും—പഠിക്കുവാൻ
പോണു—കൊച്ചുകിളിയായതില്ല ഞാൻ!

Digitized By Kerala Sahitya Akademi

# പൂക്കാലം

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു,
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലെ പൂവുതേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കു-
ന്നോണം വെളുക്കുന്നുഷസ്സായിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറം പൂണ്ടു, നീളെ-
പ്പാടിപറന്നെത്തിയീത്തത്തയെല്ലാം
കേടററ നെല്ലിൻകതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തുപോകുന്നു വാനിൽ.

---

പദ്യപാഠാവലിയിലേക്കു എഴുതിയതു്. (23— 4— 10)

Digitized By Kerala Sahitya Akademi

ചന്തം ധരയ്ക്കേറെയായ് ശീതവും പോ–
യന്തിക്ക് പൂങ്കാവിലാളേറെയായി
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ— വന്നൂ വസന്തം!

നാകത്തിൽ നിന്നോമനേ, നിന്നെ വിട്ടീ–
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദംതൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാററുതൻ നിസ്വനത്താ–
ലെന്തോന്നുരയ്ക്കുന്നു നീ? —ഞാനറിഞ്ഞു,
“എന്താതനാം ദേവനോതുന്നതേ ഞാ–
നെന്താകിലും ചെയ്യു”വെന്നല്ലയല്ലീ?

Digitized By Kerala Sahitya Akademi

# തോട്ടത്തിലെ എട്ടുകാലി

തളിർത്തലഞ്ഞു നിന്നിടും തരുക്കൾ
തന്റെ ശാഖയിൽ
കൊളുത്തി നീണ്ട നൂലു രശ്മിപോലെ
നാലുഭാഗവും,
കുളത്തിനുള്ളു കാണുമർക്കബിംബ-
മൊത്തു കാററിലീ-
വെളുത്ത കണ്ണിവച്ചെഴും വിചിത്ര-
രൂപനാരിവൻ!

അടുത്തിടുന്നൊരീച്ച പാററയാദി
യായ ജീവിയെ-
പ്പിടിപ്പതിന്നു കണ്ണിവച്ചൊളിച്ചി-
രുന്നുകൊള്ളുവാൻ
പഠിച്ച കള്ളനാരു നീ പ്രശസ്ത-
നായ മുക്കവ-
ക്കിടാത്തനോ? കടുത്ത കാട്ടിലുള്ള
കൊച്ചുവേടനോ?

---

പദ്യപാഠാവലിയിലേക്കു എഴുതിയതു്. (24-11-10)

Digitized By Kerala Sahitya Akademi

മിന്നത്തുനേർത്ത നൂലിതെങ്ങുനിന്നു?
        ഊമാടിക്കൂട്ടമീ–
യനർഘമാം നെയ്ത്തുതന്നോയഭ്യ–
        സിച്ചതെങ്ങു നീ?
നിനയ്ക്ക നിന്റെ തുന്നൽ കാഴ്ചവേല
        തന്നിലെത്തിയാൽ
നിനക്കു തങ്കമുദ്രകിട്ടുമെട്ടു–
        കാലി നിശ്ചയം.

Digitized By Kerala Sahitya Akademi

# അമ്പിളി

(പാനമട്ട്)

തുമ്പപ്പൂവിലും തൂമയെഴും നിലാ-
വമ്പിൽത്തൂവിക്കൊണ്ടാകാശവീഥിയിൽ
അമ്പിളി പൊങ്ങി നില്ക്കുന്നിതാ മര-
ക്കൊമ്പിന്മേൽനിന്നു കോമളാളം ദൂരത്തിൽ

വെള്ളമേഘശകലങ്ങളാം നര
തള്ളിച്ചുകൊണ്ടു ദേവകൾ വിണ്ണാകും
വെള്ളത്തിൽ വിളയാടിത്തുഴഞ്ഞുപോം
വെള്ളിത്തോടമിതെന്നു തോന്നീടുന്നു!

വിണ്ണേൽനിന്നു മന്ദസ്മിതം തൂവുമെൻ
വെണ്മതിക്കുരുന്നേ, നിന്നെയീയന്തിയിൽ
അമ്മതന്നങ്കമേറിയെൻ സോദര-
'നമ്മാവാ'യെന്നലിഞ്ഞു വിളിക്കുന്നു!

ദേഹശോഭപോലുള്ളത്തിൽ ക്കുറമീ-
മോഹനാകൃതിക്കുണ്ടിതെൻ പിന്നാലേ
സ്നേഹമോടും വിളിക്കുംവഴി പോരു-
ന്നാഹാ! കൊച്ചുവെള്ളാട്ടിൻകിടാവുപോൽ.

---

പഴയ നോട്ടുപുസ്തകത്തിൽനിന്നു് (1914-ജൂലൈ 3-ാംനു-എഴുതിയതു്.)

Digitized By Kerala Sahitya Akademi

വട്ടം നന്നല്ലിതീവണ്ണമോടിയാൽ
മുട്ടമേ ചെന്നക്കുന്നിന്മുകളിൽ നീ
ഒട്ടനില്ലങ്ങു വന്നൊന്നു നിന്മേനി
തൊട്ടിടാനും കൊതിയെനിക്കോമനേ.

എന്നു കൈപൊക്കിയോടിനാനുന്മുഖൻ
കുന്നേറാനൊരു സാഹസി ബാലകൻ
ചെന്നു പിന്നിൽ ഗൃഹപാഠകാലമാ-
യെന്നു ജേഷ്ഠൻ തടഞ്ഞു ഞെട്ടുംവരെ.

Digitized By Kerala Sahitya Akademi

# മിന്നാമിനുങ്ങ്

ഇതെന്തൊരാനന്ദമിതെന്തു കൌതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
'ഇതാ പറന്നെത്തിയടുത്തുഹാ! പറ-
ന്നിതാ തൊട്ടുമുമ്പിതു വിണ്ണിലായിതേ!

ഉടൻമടങ്ങുന്നിത, പൂത്തിരുട്ടിലായ്
കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടുകീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-
ന്തുരയ്ക്ക, മിന്നൽപിണരിൻ സ്ഫുലിംഗമോ?
വിരിഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-
ഞ്ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?

---

ജി. രാമൻമേനോൻ എം. ഏ. അവർകളുടെ ആവശ്യപ്രകാരം എഴുതിയത്. 10-8-12

Digitized By Kerala Sahitya Akademi

പുളച്ചിടുന്നെന്മനതാരഹോ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ
വിളിച്ചുകേളാത്തവിധം ഗമിക്കിലാ–
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ
നിലാവുപൂമ്പട്ടിനു പാവുനെയ്കയോ?

മിനുങ്ങി നീ ചെന്നിടു മാറണയ്ക്കുവാൻ
കനിഞ്ഞിതാ കൈത്തളിരാർന്ന ഭൂരുഹം
അനങ്ങിടാതങ്ങനെ നില്പിതാക്കുമേ
മനം കൊതിക്കും മൃദുവെത്തൊടാനെടോ!

അതാ വിളങ്ങുന്നു ഭവദ്ഗണങ്ങളാൽ
സ്വതേ ചുഴന്നിപ്പുനിനീർ മലർച്ചെടി
അതിന്നൊടൊക്കില്ലൊരു ചക്രവർത്തിത–
ന്നതിപ്രകാശം കലരും കിരീടവും.

പരന്ന വൻശാഖകൾ മേലിവററയാ–
ന്നിരുട്ടിൽ മിന്നുന്ന മരങ്ങളാകവേ,
നിരന്നു നക്ഷത്രഗണങ്ങൾ കീഴമാ–
ന്നിരട്ടയായ് തീന്നൊരു വിണ്ണുപോലവേ—

Digitized By Kerala Sahitya Akademi

വിളങ്ങിയും മങ്ങിയുമൊന്നിതാ വരു-
ന്നിളങ്കതിർത്തൂവൊളിയാർന്നു പൊങ്ങിയും
തളർന്നുവീണും—ചെറുതാരമൂഴിതാൻ
വളപ്പുതാമിങ്ങിതു—തള്ള വാനിലാം.

മുറിക്കകത്തായിതു! ഹാ! പ്രകാശമേ,
കരത്തിൽ വാ കേറുക പുസ്തകങ്ങളിൽ
ഉറക്കറയ്ക്കുള്ള കെടാവിളക്കുപോ-
ലിരിക്ക വന്നീയണിമേശമേലുദമേ.

കണക്കുമുത്സാഹമൊടങ്ങുമിങ്ങും
തനിക്കു തോന്നുംപടി തന്നെയെങ്ങും.
മിനുങ്ങിമങ്ങും ചൊടിയാർന്ന മിന്നാ-
മിനുങ്ങുമുറുമ്പുമുടപ്പിറപ്പോ?

Digitized By Kerala Sahitya Akademi

# നിശാപ്രാർത്ഥന

വിളയാടിയ കുട്ടി തള്ളയെ-
ത്തളരുമ്പോൾ തിരയുന്ന ദൈവമേ,
പലവൃത്തികളാൽ വലഞ്ഞു നിൻ
നില നോക്കുന്നിതു രാവിൽ ഞാനുമേ.

ഉടലിൽ ക്രിയനില്ക്കുമെന്നെ യി-
ങ്ങുടനേയിന്ദ്രിയമുള്ളവും വിഭോ
വെടിയും പൊഴിയും പൂ നില-
ത്തടിയുംപോലണയും ഭവാനിൽ ഞാൻ.

ഘൃണയോടുമിരുട്ടിൽ നില്ക്കുക്ഷണ,
തുണയായങ്ങവിടത്തെ വേഴ്ചയാൽ
ഉണരാകണമേ നടേതിലും
ഗുണവാനായ് ജഗദീശ, നാളെ ഞാൻ.

ജഗതിക്കു സമൃദ്ധി കൂടണം
ഭഗവൻ, തൽകൃപയെന്നിൽ വായ്ക്കണം
അഘമൊക്കെയകന്നുദിക്കണം
സുഖമിങ്ങെന്റെ വിരോധികൾക്കുമേ.

---

പഴയ നോട്ടുപുസ്തകത്തിൽനിന്നു്. (3–6–24)

Digitized By Kerala Sahitya Akademi

ഒരുദീപവുമിന്ദുവും സ്ഫുരി-
പ്പൊരു നക്ഷത്രവുമൊന്നുമെന്നിയേ
ഇരുറംമേലിരുളാം സുഷുപ്തിയിൽ
ശരണം ചിന്മയ ദേവദേവ നീ.

Digitized By Kerala Sahitya Akademi

# ഈശ്വരൻ

ഓമൽപ്രഭാതരുചിയെങ്ങുമുയൎന്ന നീല-
വ്യോമസ്ഥലം സ്വയമെരിഞ്ഞെഴുമൎക്കബിംബം
ശ്രീമദ്ധരിത്രിയിവയെപ്പണിചെയ്ത കൈയിൻ
കേമത്തമോൎത്തിവരു നീർ കവിയുന്നു കണ്ണിൽ

അന്തിച്ചുവപ്പുമലയാഴിയുമങ്ങിരുട്ടി-
ലുന്തി സ്ഫുരിക്കുമുഡുരാശിയുമിന്ദുതാനും
പന്തിക്കു തീൎത്ത പൊരുളിന്റെ മനോവിലാസം
ചിന്തിച്ചെനിക്കകമലിഞ്ഞുടൽ ചീൎത്തിടുന്നു!

ചേണുററ പൂത്ത വനമേന്തിയ കുന്നു ദൂരെ-
ക്കാണുന്നു പീലി കുടയും മയിലിൻ ഗണംപോൽ
താണങ്ങു വിണ്ണിൽ മഴവില്ലുല്ലസിപ്പു വണ്ണം-
പൂണുന്ന പൈങ്കിളികൾ ചേൎന്നു പറന്നിടുംപോൽ

ഉല്ലോലമാമരുവി ദൂരെ മുഴങ്ങിടുന്നു,
ഫുല്ലോല്ലസൽസുമഗണം മണമേകിടുന്നു,
കല്ലോലമാണ്ടൊരു കയങ്ങളിൽനിന്നു പൊങ്ങി
നല്ലോരു ചാരുകുളുർകാററുമണഞ്ഞിടുന്നു!

---

മൂക്കോത്തു കുമാരൻ അവർകളുടെ ആവശ്യപ്രകാരം എഴുതി "വിവേകോദയം" എന്ന പത്രഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തിയതു്
(15-8-94)

Digitized By Kerala Sahitya Akademi

ഇക്കാമ്യവസ്തുനിരചെയ്തു, മിങ്ങതോരാ–
ന്ദംക്കാമ്പുമെന്നുടലുമേകിയതും, സ്വയം ഞാൻ
ധിക്കാര്യമാർഗ്ഗമണയാതകമേ കടന്നു
ചുക്കാൻ തിരിക്കുവതു,മൊക്കെയൊരേകരംതാൻ

ഈ ലോകഭോഗമതിനീശ, ജനിച്ചു ഞാൻ നീ–
ന്നാലോകഭാഗ്യമണയാതവകാശിയായി;
ന്നുലോതിയും സ്വപതി മൽപ്രിയതാത്, നിന്നെ
മാലോകർ ചൊല്ലിയുമറിഞ്ഞു വണങ്ങിടുന്നേൻ.

വമ്പിച്ച നിൻ മഹിമയും കൃപയും നിനച്ച
കമ്പിട്ടിടാത്ത തലയും ശിലയും സമംതാൻ
എമ്പിച്ച തീക്ക് യറിവായ് മനമാം വിളക്കിൻ
തുമ്പിൽ ജ്വലിക്കുമഖിലേശ്വര,കൈതൊഴുന്നേൻ

Digitized By Kerala Sahitya Akademi

# വണ്ടിന്റെ പാട്ട്

(കമലകാന്തന്റെ എന്ന മട്ട്)

കൊടുമുടിയിൽ കഴുകൻ വസിക്കട്ടെ,
കൊടുതാം സിംഹം ഗുഹയിലും വാഴട്ടെ,
വടിവേലും തങ്കക്കുന്നേ, നിൻ പൂന്തൊരീ-
നെടിയ കാടാന്ന സാനുവിൽ മേവും ഞാൻ.

പതിച്ചിടാ നോട്ടം നാറും പിണങ്ങളിൽ,
കതിച്ചു നിർദ്ദയം കൊന്നിടാ ജീവിയെ,
പതിവായിക്കാട്ടിൽ കാലത്തുമന്തിക്കും
പുതിയ പൂകണ്ടു നിൻപുകൾ വാഴ്ത്തും ഞാൻ.

അഴകേറും പൂവിൽ നീയലിഞ്ഞേകും തേ-
നഴലെന്യേ നുകർന്നാനന്ദമാർന്നടൻ.
ഒഴിയാതോലും മണമാന്ന തെന്നലിൻ
വഴിയേ നിൻപുകൾ പാടിപ്പറക്കും ഞാൻ.

മുകളിൽ സൂര്യനും ചന്ദ്രനും വന്നിരു-
ളകലുമാറു പരത്തും കതിരുടെ
പകലും രാവും പൊന്നോമനക്കുന്നേ, നിൻ
സകല ശോഭയും കണ്ടു രസിക്കും ഞാൻ.

---

1915 നവംബർ 1-ാംതീയതി എഴുതി 'മിതവാദി' മാസികയിൽ പ്രസിദ്ധപ്പെടുത്തിയത്.

Digitized By Kerala Sahitya Akademi

# കപോതപുഷ്പം

ഇതരസൌരഭവീചിയെ മേന്മയാൽ
വിധുരമാക്കിയിളംകുളുർവായുവിൽ
എതിരകന്നിവിടെ പ്രസരിപ്പൊരീ-
മധുരഗന്ധമഹോ! മതിമോഹനം.

ഭ്രമരനീലദലാവലികൾക്കുമേൽ
വിമലമായ് മലർമഞ്ജരിയൊന്നിതാ
കമഠമുള്ളിലെഴുന്ന കളത്തിൽ നീർ-
ക്കമളതൻ നിരപോൽ വിലസുന്നതോ!

ധവളമാം സ്ഫടികച്ചിമിഴീവിധം
നവസുഗന്ധമൊടൊന്നുതുറന്നതോ?
അവികലം മണിയാർന്നതിനിർമ്മല-
ച്ഛവിയൊടും പുതുശില്പി വിടർന്നതോ?

അതിവിചിത്രമനോഹരശില്പമീ-
പ്പുതിയപൂ—കരകൗശലശാലയിൽ
ഇതിനൊടൊത്തൊരു ദന്തമയങ്ങളാം
കൃതികളില്ല വിധേ, വിരുതന്നെ നീ!

---

"Dove orchid" എന്ന പുഷ്പത്തെപ്പറ്റി എഴുതി "ആത്മപോഷിണി"യിൽ പ്രസിദ്ധപ്പെടുത്തിയത്. (10-3-92)

Digitized By Kerala Sahitya Akademi

അഹഹ! നിർമ്മലലോലമനോജ്ഞമീ-
വിഹഗമെങ്ങനെ വന്നതിന്നുള്ളിലായ്
ഗഹനമേ വിധിചേഷ്ട—പിറാവിതിൽ
സഹജമോ, നിഴലോ, മിഴിമായയോ?

ഒരുവികാരവുമെന്നിയഹോ! ഖഗം
മരുവിടുന്നിതു മൌനസമാധിയിൽ
പറവയിൽ ചിലതുണ്ടവതാരമായ്,
പറയുമങ്ങനെയാഗമവേദികൾ.

ഭുവനതത്വവുമന്തവുമൊന്നുമെ
വിവരമില്ല, പഠിച്ചു വലഞ്ഞിതേ!
ഇവനതെൻ പരിശുദ്ധകപോതികേ,
ഭവതിയോരുകിലമ്പിനൊടോതണേ!

Digitized By Kerala Sahitya Akademi

# നിഷ്കപടതയോട്

പുവിനെതിർ മെയ്യൊളിയൊതുങ്ങിയഴലാലി–
ന്നാവിതടവും മുകരമൊത്തു കവിൾമങ്ങി,
ആവിലമനസ്സോടൊരുകൈയിൽ മുഖമർപ്പി–
ച്ചീവിധമിരുന്നഴവതെന്തു വിമലേ; നീ?

ഉണ്മയുടെയൂർജ്ജിതവിഭ്രമമറ്റു പോയീ,
നിന്മഹിമയാരുമറിയാത്ത നിലയായീ,
ഇമ്മഹിയിലെന്തിനിനി വാഴ്വതു ഞാനെ–
ന്നുണ്മലർ കരിഞ്ഞയി, ശുഭേ, കരവതോ നീ?

പുഞ്ചിരിനിലാവൊളി പുറത്തിരുളകത്തായ്
നെഞ്ചിൽ വിഷമായ് മൊഴിയിൽ നല്ലനറുതേനായ്
വഞ്ചന മുഴുത്തു ഭുവനത്തിലിനി നല്ലോ–
രഞ്ചണമതോർത്തു സരളേ, യഴവതോ നീ?

സ്നേഹമൃതിരേണ്ടവരിൽനിന്നു പകയായി
ഗേഹമതിനാൽ ഭയദമാമടവിയായി
മോഹതിമിരം പെരുകി മൂഢതയുമാക്കി–
സ്സാഹസികർ നിന്നെയതിനാലഴവതോ നീ?

---

1915—ഡിസംബർ 9-ാംനു എഴുതി, 'ധിഷാവകാശം' മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

Digitized By Kerala Sahitya Akademi

മാഴ്കരുത്തു മഞ്ജുമുഖി സത്യമൊടസത്യം
വ്യാകലിതമായ പൊരുളാണു ഭുവനം കേൾ
ഏകരസമായ് ഗുണമെഴില്ലറികയെങ്ങും,
ലോകമിതിൽ നന്മയൊടു തിന്മ പൊരുതുന്നു.

പണ്ടുമുതലിങ്ങനെ വെളിച്ചവുമിരുട്ടും
രണ്ടുമിടയുന്നിതു സുരാസുരർ കണക്കെ;
ഇണ്ടലതിനാൽ വരുവതും വിരവിൽ നീങ്ങും
കണ്ടറികയുണ്മ സുകമാരി, കരയാതെ!

ഇങ്ങനെ തിരിഞ്ഞു വിധിചക്രമുഴറുമ്പോ-
ളിങ്ങമലധർമ്മമതിലൂന്നി വിലസുന്നു
മങ്ങിയുമിടയ്ക്കിടെ വിളങ്ങിയുമിരുട്ടിൽ
തങ്ങിയിരുപക്ഷമെഴുമിന്ദുകലപോലെ.

നിന്നെ വെടിയുന്നവനും നീ വെടിയുവോനും
പിന്നെ മനുജൻെറ വടിവെന്തിനു മനോജ്ഞേ?
നിന്നകമെരിഞ്ഞു മിഴിനീർ പൊഴിവതെങ്ങും-
മന്നറിക തീനരകമെന്നു മഹിതാഭേ.

ജീവിതരണത്തിലതിമാനമൊടു ഞാനെൻ
ദേവി തുണനില്ക്കിൽ വിജയിപ്പനതിനാലേ,
പൂവിൽ മണവും മണിവിളക്കിലൊളിയുംപോൽ
നീ വിലസുകെൻെറ മനതാരിൽ മറയാതെ.

Digitized By Kerala Sahitya Akademi

നില്ക്ക, തുണയായഴലൊഴിക്കയെഴുന്നേല്ക്കി–
ന്നിക്കലുഷഭാവമയി, നിന്നിലഴകാമോ?
“നിഷ്കപടതേ” കരൾ നിറഞ്ഞൊരിരുൾനീക്കും
ചിൽക്കതിരവന്റെ ചെറുരശ്മിയമലേ നീ.

---

Digitized By Kerala Sahitya Akademi

# ഗുണനിഷ്ഠ

തെരുതെരെ വിളങ്ങും നവകൃതകരത്നം
തെരുവുകളിലെങ്ങും തിരുതകൃതിയായി,
പുരുമഹിമതാണും പരിഭവമിയന്നും
മരുവി വിലയേറും മണികൾ മറയാറായ്.

നയ,മരിയ സത്യം, ദയ, പരഹിതത്തിൽ
പ്രിയത മുതലാകും ഹൃദയഗുണമെല്ലാം
ഭയമിയലുമാറായതതിന്റെ രൂപം
സ്വയമഭിനയിക്കും ഖലദുരകളാലെ.

ഒരു വിജയമോർത്തിട്ടൊരു ചതിതുടർന്നാൽ
പെരുകമതുമൂലം പല വിനകൾ നാട്ടിൽ
കരുമന ഗുണങ്ങൾക്കണയുവതു ധൂർത്ത,
കരുതുക സഹിക്കാ ഗുണനിലയനീശൻ.

കളികൾ മതിയാക്കു കപടമണി നീണാ-
ളൊളിചിതറിതാ നിന്മുഖമിതൊരുനാൾ നീ
തെളിവുടയ നീരിൽ പെട്ടൊരു മരുന്നാൽ
പൊളിയുമഥവാ പോയ് നികഷശിലയേറും!

---

95-മേടത്തിൽ എഴുതി "പ്രതിഭ"യിൽ പ്രസിദ്ധപ്പെടുത്തിയത്.

Digitized By Kerala Sahitya Akademi

ക്ഷണപരിഭവത്താൽ ഗുണമണികൾമേൽ നിൻ
പ്രണയമൊരുലേശം കുറയരുതു നെഞ്ചേ,
ഗുണനിരയോടൊപ്പം മനുജനൊരുനാളും
തുണയരുളിടാ കേൾ സുരനിരകൾപോലും.

Digitized By Kerala Sahitya Akademi

# സങ്കീർത്തനം

ഗന്ധമേറിയ പൂവിലും ശബളാഭമാം
ശലഭത്തിലും
സന്തതം കരതാരിയന്നൊരു ചിത്ര-
ചാതുരി കാട്ടിയും
ഹന്ത! ചാരുകടാക്ഷമാലകളർക്ക-
രശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ വിളങ്ങു-
മീശനെ വാഴ്ത്തുവിൻ!

സാരമായ് സകലത്തിലും മതസംഗ്രഹം
ഗ്രഹിയാത്തതായ്
കാരണാന്തരമായ് ജഗത്തിലുയർന്നു
നിന്നിടുമൊന്നിനെ
സൗരഭോല്ക്കടനാഭികൊണ്ടു മൃഗംകണ-
കന്വേമേയമായ്
ദൂരമാകിലുമാത്മഹാർദ്ദഗുണാസ്പദത്തെ
നിനയ്ക്കുവിൻ!

---

ഒരു സംഘത്തിനുവേണ്ടി എഴുതി "പ്രതിഭ"യിൽ പ്രസിദ്ധപ്പെടുത്തിയതു്. (95 തുലാം)

Digitized By Kerala Sahitya Akademi

# ദീപാർപ്പണം

ഭാവബന്ധമൊട്ട സത്യരൂപനാം
ദേവ,നിന്മഹിമയാർന്ന കോവിലിൽ
പാവനപ്രഭയെഴും വിളക്കിതാ
സാവധാനമടിയൻ കൊളുത്തിനേൻ.

അല്പമെങ്കിലുമതിൻ പ്രഭാങ്കുരം
സൽപതേ,യിരുൾ തുരന്നു മെല്ലവേ
ശില്പരമ്യപദപീഠഭൂവിൽനി-
ന്നുൽപതിച്ചു തിരുമെയ്യിലെത്തണേ.

സ്ഥേമയാർന്ന മണിഭൂഷണത്തിലും
ത്തുമനോജ്ഞമലർമാലതന്നിലും
ഹേമവിഗ്രഹമരീചി തേടുമി-
ക്കോമളപ്രഭ തിളങ്ങണേ വിഭോ.

മാററി നിന്മുഖരസം മറച്ചിതിൽ
പോററി,പുൽകരുതു ധൂമരേഖകൾ
മാററിയന്ന മണിവാതിലൂടെഴും
കാററിലാടരുതിതിൻ ശിഖാഞ്ചലം.

---

95_കന്നിയിലെ "പ്രതിഭ"യിൽ പ്രസിദ്ധപ്പെടുത്തിയതു്.

Digitized By Kerala Sahitya Akademi

നിത്യനായക, നീതിചക്രമതിൻ-
    തിരിച്ചിലിനക്ഷമാം
സത്യമുൾക്കമലത്തിലും സ്ഥിരമായ്
    വിളങ്ങുക നാവിലും
കൃത്യഭൂ വെടിയാതെയും മടിയാതെയും
    കരക്കോടിയിൽ
പ്രത്യഹം പ്രഥയാർന്ന പാവനകർമ്മ-
    ശക്തി കളിക്കുക!

സാഹസങ്ങൾ തുടർന്നുടൻ സുഖഭാണ്ഡ-
    മാശു കവർന്നുപോം
ദേഹമാനസദോഷസന്തതി ദേവ
    ദേവ, നശിക്കണേ
സ്നേഹമാം കുളിർപ്പൂനിലാവു പരന്നു
    സർവവുമേകമായ്
മോഹമാമിരുൾ നീങ്ങി നിന്റെ മഹത്വ-
    മുള്ളിൽ വിളങ്ങണേ.

ധർമ്മമാം വഴിതന്നിൽ വന്നണയുന്ന വൈരികള
ഞ്ചവേ
നിർമ്മലധൃതിയാർന്ന നിശ്ചയഖഡ്ഗമേന്തി
നടന്നുടൻ
കർമ്മസീമകടന്നുപോയ് കളിയാടുവാനരുളേണമേ
ശർമ്മവാരിധിയിൽ കൃപാകര,ശാന്തിയാം മണിനൗ
കയിൽ

Digitized By Kerala Sahitya Akademi

ചീർത്തിതിന്നൊളി തെളിഞ്ഞുപൊങ്ങിടുന്നയ്
വാർത്തിടായ്ക്കിലുമെരിഞ്ഞു മേൽക്കുമേൽ
നേർത്തിതീശ, മിഴിയഞ്ചിടുന്ന നിൻ–
മൂർത്തിമുൻപു നിഴൽനീങ്ങി നിൽക്കണേ

Digitized By Kerala Sahitya Akademi

| | | |
|---|---|---|
| ഗദ്യം:—രാജയോഗം സംപൂർണ്ണം | 3 | 0 |
| മൈത്രേയി | 0 | 8 |
| മനശ്ശക്തി | 0 | 8 |
| നിരൂപണങ്ങൾ | 0 | 8 |
| മതപരിവർത്തനരസവാദം | 0 | 4 |
| ദൈവീകമായ പ്രതികാരം | 0 | 10 |

## ഇതരകൃതികൾ

| | | |
|---|---|---|
| കെ. അയ്യപ്പന്റെ പദ്യകൃതികൾ | 2 | 0 |
| വസുമതി (ശ്രീമാൻ മൂർക്കോത്തു കുമാരൻ അവർകൾ എഴുതിയ രസകരമായ ഒരു നോവൽ) | 1 | 8 |
| റെജനാൾഡ്—(റെജനാഗോപാലൻ) | 0 | 8 |
| കുമാരനാശാൻ—ചില സ്മരണകൾ കെ. സദാശിവൻ ബി. എ. | 1 | 0 |

# ആശാൻസ്മാരകം

മഹാകവിയുടെ ചരമവാർഷികത്തോടനുബന്ധിച്ച്

പ്രസിദ്ധീകരിച്ച

## ഒരു സ്മാരകഗ്രന്ഥം

കേരളത്തിലെ പ്രശസ്ത സാഹിത്യകാരന്മാർ

ഈ സ്മരണസാഹിതിയിൽ പങ്കെടുക്കുന്നു.

ആദ്യവാല്യത്തിൽ, മെ: എൻ. ഗോപാലപിള്ള

ഏ. ബാലകൃഷ്ണപിള്ള, മുണ്ടശ്ശേരി, മാരാര്,

അപ്പൻ, വാലാങ്കൽ തുടങ്ങി പലരും.

ഒന്നാം വാല്യത്തിന് വില രൂ. 2.

ഒരു രൂപാവരെ വിലയുള്ള പുസ്തകത്തിന് പുസ്തകത്തിന്റെ വിലയും മൂന്നണ പാർക്കൂലിയും സ്റ്റാമ്പും അയച്ചാൽ പുസ്തകം ബുക്കുപോസ്റ്റായി അയക്കുന്നതാണ്.

*Address must be written in CAPITAL LETTERS.*

**MANAGER,**
**SARADA BOOK DEPOT.,**
**THONNAKKAL (P. O.)**

Digitized By Kerala Sahitya Akademi

# ശാരദാ ബുക്ക ഡിപ്പോ

## വക പ്രസിദ്ധീകരണങ്ങൾ

### എൻ. കുമാരൻ ആശാൻ അവർകളുടെ കൃതികൾ

| | രൂ. | ണ. |
|---|---|---|
| പദ്യകൃതികൾ 1-ാം ഭാഗം | 6 | 8 |
| ,, 2-ാം ഭാഗം | 6 | 0 |
| ,, 3-ാം ഭാഗം | 4 | 8 |
| പദ്യം:—നളിനി (നോട്ടുംകൂടിയതു്) | 1 | 0 |
| ലീല | 1 | 0 |
| രണ്ടു ഖണ്ഡകൃതികൾ | 0 | 6 |
| ശ്രീബുദ്ധചരിതം കിളിപ്പാട്ട്— അഞ്ചു കാണ്ഡങ്ങളും കൂടിയതു് | 3 | 0 |
| കുയിൽ | 0 | 3 |
| പ്രരോദനം | 1 | 0 |
| ചിന്താവിഷ്ടയായ സീത | 1 | 0 |
| ബാലരാമായണം—ബാലകാണ്ഡം | 0 | 6 |
| ടി അയോദ്ധ്യാകാണ്ഡം | 0 | 6 |
| ടി ആരണ്യകാണ്ഡം | 0 | 7 |
| ടി മൂന്നുകാണ്ഡങ്ങളും കൂടി | 1 | 8 |
| പുഷ്പവാടി | 0 | 8 |
| ദുരവസ്ഥ | 0 | 12 |
| ചണ്ഡാലഭിക്ഷുകി | 0 | 12 |
| കരുണ | 0 | 9 |
| മണിമാല | 0 | 8 |
| വനമാല | 1 | 0 |
| സുഗതപ്രസ്ഥാനം | 0 | 10 |
| നവമാലിക | 0 | 8 |
| സൌന്ദര്യലഹരി (ഭാഷ) | 0 | 8 |
| വിചിത്രവിജയം | 1 | 8 |
| പ്രബോധചന്ദ്രോദയം ഭാഷാനാടകം | 1 | 8 |
| സ്തോത്രകൃതികൾ (നോട്ടുംകൂടിയതു്) | 1 | 4 |

P. T. O.

Digitized By Kerala Sahitya Akademi